അനുബന്ധം 2

(ചട്ടം 47(2) അനുസരിച്ച് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച നക്ഷത്ര ചിഹ്നമിടാത്തത ചോദ്യങ്ങളുടെ മറുപടി)

സോളാർ തട്ടിപ്പുകേസിലെ പ്രതി സരിത എസ്. നായരുടെ പേരിലുള്ള കേസ്സുകൾ

(5010) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പുകേസിലെ പ്രതി സരിത എസ്. നായരുടെ പേരിൽ സംസ്ഥാനത്താകെ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഓരോ കേസും ഏത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തെന്നും എന്നാണ് രജിസ്റ്റർ ചെയ്തതെന്നും ഓരോ കേസ്സും ഏത് കുറ്റകൃത്യവുമായി ബന്ധപ്പെട്ടതാ ണെന്നും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം കേസുകളിൽ ജയിൽശിക്ഷ അനുഭവിച്ചുവെന്നും എന്നുമുതൽ എന്നുവരെ ജയിൽവാസം അനുഭവിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം കേസ്സുകളിൽ ജാമ്യം ലഭിച്ചുവെന്നും എപ്പോഴൊക്കെയാണ് ജാമ്യം ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ഇ) ഇനിയും ഏതെല്ലാം കേസുകളിലാണ് ചാർജ് ഷീറ്റ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) നിലവിൽ 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി-ഇ) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സോളാർ തട്ടിപ്പ് കേസിന്റെ അന്വേഷണ പുരോഗതി

244 ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസിൽ സർക്കാർ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച അന്വേഷണ പുരോഗതി റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം എത്രപേരെ ചോദ്യം ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര രേഖകൾ പിടിച്ചെടുത്തുവെന്നും അറിയിക്കാമോ ;

(സി) തട്ടിപ്പിനിരയായത് ഉൾപ്പെടെ ഇത് സംബന്ധിച്ച് മൊത്തം എത്ര കേസുകളിലാണ് അന്വേഷണം നടന്നുവരുന്നത് ;

(ഡി) ഫോൺ കോളുകളെ അടിസ്ഥാനമാക്കി ഏതെല്ലാം വ്യക്തികളെ ചോദ്യം ചെയ്യുകയുണ്ടായി ;

(ഇ) അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ ഓരോരുത്തർക്കും ഭരണതലത്തിൽ ആരെല്ലാമായി ബന്ധം ഉണ്ടായിരുന്നതായി തെളിയുകയുണ്ടായി ; ഏതെല്ലാം മന്ത്രിമാരെ അന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്യുകയുണ്ടായി ;

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) കോടതികളിൽ സമർപ്പിച്ച റിപ്പോർട്ട് നൽകുവാൻ കഴിയില്ല.

(ബി) അന്വേഷണം അന്തിമ ഘട്ടത്തിലാണ്. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) ബിജു രാധാകൃഷ്ണൻ, സരിത എസ്. നായർ എന്നിവർ പ്രതികളായി 36 സോളാർ തട്ടിപ്പ് കേസുകളാണ് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നത്. (ടി വ്യക്തികൾ പ്രതികളായി രജിസ്റ്റർ ചെയ്യപ്പെട്ട മറ്റ് വിഷയങ്ങളുമായി ബന്ധപ്പെട്ട വഞ്ചനാകേസുകൾ മേൽപ്പറയുന്ന കേസുകളുടെ എണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല) (എ&ഇ)കുറ്റകൃത്യവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളെക്കുറിച്ചും അന്വേഷിക്കുകയും കേസന്വേഷണത്തിന്റെ ആവശ്യത്തിലേയ്ക്ക് ബന്ധപ്പെട്ട വ്യക്തികളെ ചോദ്യം ചെയ്യുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

സോളാർ തട്ടിപ്പ് കേസ് ഒത്തുതീർപ്പ്

(248) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസിലെ മുഖ്യപ്രതി ശ്രീമതി സരിതാ എസ്. നായർക്ക് എതിരെ നിലവിലുള്ള കേസുകൾ എത്രയാണ് ; അതിൽ എത്ര കേസുകളിൽ കോടതികളിൽനിന്നും ജാമ്യം നേടുകയുണ്ടായി ; ഏതെല്ലാം കോടതികളിലെ ഏതെല്ലാം കേസുകളിലാണ് ഇനി ജാമ്യം എടുക്കാൻ ബാക്കി നിൽപ്പുള്ളത് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly